ഉത്തരം

(എ) നേമം വികസന ബ്ലോക്കിൽ ബാലരാമപുരം പഞ്ചായത്തിലെ പാറക്കുഴി ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പണിയാരംഭിക്കാൻ കരാർ 28-3-1984-ൽ ഒപ്പിട്ടതാണ്.

(ബി) കോളനിയുടെ പല ഭാഗങ്ങളിലും 8 മീറ്റർ വീതിയിൽ റോഡുപണിയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് റോഡുപണി മുടങ്ങി ക്കിടക്കുന്നത്. 8 മീറ്റർ വീതി ലഭിക്കാൻ ശ്രമം നടത്തിവരുന്നു. ഇപ്രകാരം 8 മീറ്റർ വീതി ബാക്കി ഭാഗങ്ങളിലുംകൂടി ലഭിച്ചാൽ മാത്രമേ റോഡുപണി പുനരാരംഭിക്കാൻ കഴിയുകയുള്ളു.

കിളിമാനൂർ നിയോജകമണ്ഡലത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തിയ റോഡുകൾ

311 [340] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ 1984-85, 1985-86 വർഷങ്ങളിൽ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി തുടങ്ങിയിട്ടുള്ള റോഡുകൾക്ക് രണ്ടാമുഗതി ഉണ്ടെങ്കിലും പണി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടങ്ങിവച്ചിട്ടുള്ളതും എന്നാൽ പണി പൂർത്തിയായിട്ടില്ലാത്തതുമായ റോഡുകളുടെ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടാമുഗതി നൽകിയിട്ടുള്ള റോഡുകൾ പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥൻമാർ തടസ്സം നിൽക്കുന്നതായി അറിവില്ല.

(ബി) സ്വീകരിക്കുന്നതാണ്.

എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ ആരംഭിച്ച റോഡുകൾ

312 [341] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലങ്ങളിൽ എൻ. ആർ. ഇ. പി. സ്കീമിൽ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മൊത്തം എത്ര റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ മൊത്തം എത്ര കിലോമീറ്റർ ദൂരം വരുമെന്നും വ്യക്തമാക്കാമോ;

(സി) ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പണി പൂർത്തിയാക്കുവാൻ സാധിക്കാത്ത റോഡുകൾ ഏത്;

LIBRARY ARCHIVES Kerala Legislative Assembly